പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3167 21.06.2013 - ൽ മറുപടിയ്ക്ക്

**വാർദ്ധക്യ-വിധവാ പെൻഷനുകൾ**

ചോദ്യം
ശ്രീ. മോൻസ് ജോസഫ്

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വാർദ്ധക്യ-വിധവാ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) | വാർദ്ധക്യ-വിധവാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.<br>**വാർദ്ധക്യകാല പെൻഷൻ**<br>നിലവിലുള്ള മാനദണ്ഡ പ്രകാരം 65 വയസ്സിനു മുകളിൽ പ്രായമുള്ള ബി.പി.എൽ കുടുംബങ്ങളിലുള്ളവർക്കാണ് അർഹതയുള്ളത്.<br>**വിധവ പെൻഷൻ**<br>വിവാഹ ബന്ധം വേർപ്പെടുത്തുന്നതിലൂടെയോ ഭർത്താവിന്റെ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നവരും പുനർ വിവാഹം ചെയ്തിട്ടില്ലാത്തവർക്കും ഈ പെൻഷന് അർഹതയുണ്ട്. ടി പെൻഷൻ ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി ഗ്രാമ പ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയായും നഗര പ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മാനദണ്ഡത്തിൽ ഇളവ് അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | എ.പി.എൽ. / ബി.പി.എൽ ഭേദമില്ലാതെ പെൻഷൻ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | എത്ര രൂപയാണ് പ്രതിമാസം വാർദ്ധക്യ-വിധവാ പെൻഷൻ ഇനത്തിൽ അർഹരായവർക്ക് നൽകുന്നത്; ഈ തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ 80 വയസിനു മുകളിൽ പ്രായമുള്ളവർക്ക് പ്രതിമാസം 900/- രൂപാ നിരക്കിലും മറ്റുള്ളവർക്ക് (65 മുതൽ 80 വയസ്സു വരെയുള്ളവർക്ക്) 400/- രൂപാ നിരക്കിലും, വിധവാ പെൻഷൻ പദ്ധതിയിൽ 525/- രൂപാ നിരക്കിലും പ്രതി മാസ പെൻഷൻ നൽകി വരുന്നു. പ്രസ്തുത പെൻഷൻ തുക യഥാക്രമം 1100/- രൂപ, 500/-, 700/- രൂപ ക്രമത്തിൽ വർദ്ധിപ്പിക്കുന്നതാണെന്നും 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ